ലിബറേഷൻ ഓർഗനൈസേഷന്റെ തീവ്ര ആശയ വിഭാഗക്കാരാണവർ. ആക്രമണത്തിനു പകരം ആക്രമണം; അതാണ് അവരുടെ പക്ഷം. മുൻകൂർ ഉടമ്പടി പ്രകാരമല്ലാതെ ദിവസങ്ങളായി പ്രദേശത്തു നിലനിൽക്കുന്ന ശാന്തത കൈവിടാൻ പാലസ്തീൻ സൈന്യത്തിലെ മിതവാദികൾ അനുവദിക്കില്ല. അതുകൊണ്ടുതന്നെ ഷിമോൺ പെരസിനെ അതിർത്തിക്കകലെയുള്ള ആൾത്താമസവും സൈനികസാന്നിധ്യവും കുറവായ പ്രദേശത്ത് ബന്ധനസ്ഥനാക്കുകയല്ലാതെ മറ്റു പോംവഴികളില്ലായിരുന്നു.

ഇസ്രായേലി സൈനികനീക്കങ്ങളെക്കുറിച്ചും ഭൂഗർഭ അറകളെക്കുറിച്ചുമെല്ലാം ഷിമോണിൽ നിന്നും സമയബന്ധിതമായി ചോദിച്ചറിയാം. രണ്ടു ദിവസമായി അയാൾക്ക് വെള്ളമോ ഭക്ഷണമോ നൽകിയിരുന്നില്ല. അയാളെ സൂക്ഷിക്കാനായി ആരും നിലയുറപ്പിച്ചിരുന്നുമില്ല.

രാത്രി കനത്തു. അൽനദീറയുടെ കണ്ണുകളെ ഉറക്കം ബാധിച്ചിരുന്നില്ല. അവൾ ആരോടെന്നില്ലാതെ പിറുപിറുത്തുകൊണ്ടിരുന്നു. "എപ്പോഴാണു വാർത്താവിനിമയ ബന്ധം തകരുന്നതെന്നറിയില്ല. ഇതുകൂടി തീർന്നെങ്കിൽ-"

അതിനിടയ്ക്ക് നദീറയുടെ ലാപ്ടോപ്പ് പണിമുടക്കി. പാലസ്തീനി കവിതകളാണ്. ആംഗലേയഭാഷയിൽ തർജ്ജമ ചെയ്ത് ബ്ലോഗ് പ്രസാധകർക്ക് അയക്കും. ലോകത്താകമാനമുള്ള ആസ്വാദകർക്കു സോഷ്യൽ നെറ്റ്വർക്കിലൂടെ വായിക്കാം. ഒരു കവിത തർജ്ജമ ചെയ്യുന്നതിന് അമ്പതു ജോർദ്ദാൻ ദിനാറുകൾ ലഭിക്കും. (ജോർദ്ദാൻ ദിനാർ- പാലസ്തീനിലും ജോർദ്ദാനിലും വിനിമയത്തിലുള്ള രൂപ) കലാപങ്ങൾക്കും ആഭ്യന്തരയുദ്ധങ്ങൾക്കും നിരന്തരം വിധേയമാക്കപ്പെട്ട മധ്യപൂർവേഷ്യ. മരുഭൂമിക്കും മെഡിറ്ററേനിയൻ കടലിനുമരികത്തായി സമ്പന്നമായൊരു ചരിത്രവും പേറി പാലസ്തീനും ഇസ്രായേലും വിസ്മയിപ്പിച്ചുകൊണ്ടേയിരുന്നു.

"അർധരാത്രി ആരാണ് ഒറ്റയ്ക്കൊരു സ്ത്രീ താമസിക്കുന്ന വീടിന്റെ വാതിൽ മുട്ടിപ്പൊളിക്കുന്നത്?"

നദീറ ഉച്ചത്തിൽ ചോദിച്ചു.

"മുനാവറും അബൂതാലവും. പി.എൽ.ഒയുടെ ജവാൻമാർ." ഉടൻ മറുപടി വന്നു.

അവർ സൈനികവേഷത്തിലായിരുന്നില്ല. തൊപ്പിയും [illegible] മീതെ രോമക്കുപ്പായം ധരിച്ച സൈനികരിലൊരാൾ ചോദിച്ചു.

"എല്ലാവരും ഉറങ്ങിക്കഴിഞ്ഞു. എന്താണു നിന്റെ വീട്ടിൽ മാത്രം പ്രകാശം തെളിഞ്ഞിരിക്കുന്നത്?"

"ഓഹോ...അങ്ങനെയോ? നിങ്ങളീ രാത്രിയിൽ [illegible] നിന്നും ശത്രുക്കളാരെങ്കിലും നുഴഞ്ഞുകയറുന്നുണ്ടോ എന്നു നോക്കിയാൽ മതി. മരിച്ച് പാലസ്തീനിലെ ഏതൊക്കെ വീടുകളിൽ വെളിച്ചം തെളിയുന്നില്ലാ



യെന്ന് നോക്കേണ്ട. അവനവന്റെ ദൗത്യങ്ങളിൽ മാത്രം ശ്രദ്ധയൂന്നിയാൽ പോരേ..." പരിഹാസം കലർന്ന അവളുടെ മറുപടി അവനെ ചൊടിപ്പിച്ചു.

വെള്ളിയാഴ്ചകളിലൊരു നേരം ഗാസയിലെ തെരുവുകുട്ടികൾക്കും വൃദ്ധർക്കും നീ ഭക്ഷണം നൽകുന്നുവെന്നു കരുതി ഞങ്ങൾ നിന്നെ ബഹുമാനിക്കുന്നില്ല. ഞങ്ങളീ പ്രാന്തങ്ങളിൽ തന്നെയുള്ളതുകൊണ്ടാണ് ഓറഞ്ചും ഷമാമും വിളയുന്ന നിന്റെ തോട്ടം ഷെല്ലുകൾ പതിച്ച് കരിഞ്ഞുപറക്കാത്തത്; ഹമാസ് പോരാളികൾ ഭീഷണിപ്പെടുത്തി നിന്നെ അവരുടെ കൂട്ടത്തിലെ ഫിദായീൻ (Fidayeen-self Sacrificers) ആക്കാത്തത്. അല്ലായിരുന്നെങ്കിൽ നീയിപ്പോൾ പരലോകത്തിരുന്നേനെ. രാജ്യത്തിനു വേണ്ടി മരിച്ച സൈനികന്റെ മകളെന്ന പരിഗണനയാണു ഞങ്ങൾ നിനക്കു നൽകുന്നത്.

കാൽപ്പാദങ്ങൾ തറയിലാഞ്ഞു ചവുട്ടി മുനാവറും അബൂതാലവും നടന്നുപോയി. നിലാവെട്ടത്തിൽ മണൽപ്പരപ്പിൽ അവരുടെ നിഴൽ തെളിഞ്ഞുകാണാമായിരുന്നു.

നദീറ തന്റെ വീടിന്റെ ഇഷ്ടികഭിത്തിയുടെ ഓട്ടയിലൂടെ അവരെത്തന്നെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. നോക്കിയിരിക്കവേ അവർ താഴ്വരയുടെ വടക്കുള്ള പാറക്കൂട്ടങ്ങളും തരിശ് മലമ്പ്രദേശവുമുള്ള ഭാഗത്തേക്കു നീങ്ങിമറഞ്ഞു.

കൊടുംരാത്രിയിൽ അവരെന്തിന് അവിടേക്ക് പോവണം? മുനാവറും അബൂതാലവും എളുപ്പത്തിൽ ക്ഷോഭിക്കുന്നവരും പെട്ടെന്ന് പ്രകോപനങ്ങളിൽപ്പെടുന്നവരുമാണ്. അവരെന്തെങ്കിലും എടുത്തുചാട്ടം- നദീറയ്ക്കു സംശയമായി. അവൾ തന്റെ നിർമ്മിതി കെട്ടിടത്തിന്റെ വൈദ്യുതവിളക്കുകൾ കെടുത്തി. ഭിത്തിയുടെ ഓട്ടയിലൂടെ അബൂതാലവും മുനാവറും തിരിച്ചുവരുന്നതും നോക്കിയിരുന്നു.

കുറച്ചുസമയത്തിനകം അവർ എന്തൊക്കെയോ പറഞ്ഞ് തർക്കിച്ചുകൊണ്ടു തിരിച്ചുവരുന്നതു കണ്ടു. ആരുമില്ലെന്ന് ഉറപ്പാക്കിയ നദീറ ദേവദാരുക്കളുടെ അരികുചേർന്നു പാറക്കൂട്ടത്തിനരികെ ചെന്നു. വളരെ അടുത്തുനിന്നായി അവളൊരു ഞരക്കം കേട്ടു. ശബ്ദം കേട്ട ഭാഗത്തേക്ക് അവൾ നോക്കി.

ചെറിയൊരു ഗുഹയ്ക്കു സമീപം ചോരയൊലിപ്പിച്ച്, അർധബോധത്തോടെ പുലമ്പുന്ന ഇസ്രായേലി സൈനികൻ. നദീറ സ്തബ്ധയായി നെഞ്ചിൽ കൈവച്ച് ആത്മഗതം ചെയ്തു.

'അള്ളാഹ് ഇവരെന്തിനുള്ള പുറപ്പാടാണ്!'

ജോർദ്ദാൻ നദിക്ക് പടിഞ്ഞാറുള്ള വെസ്റ്റ്ബാങ്ക് പട്ടണത്തിൽ നാളുകൾക്കു ശേഷം തെളിഞ്ഞ ആകാശമാണുള്ളത്. അവിടെ നക്ഷത്രങ്ങളും ചന്ദ്രികപൊഴിക്കുന്ന നിലാവും വ്യക്തമായി കാണാമെന്നു ബോംബിങ്ങിൽ

**ഞവരക്കിഴി**

ഷാഷ്ടിക പിണ്ഡസ്വേദം എന്ന് പറയുന്ന ഞവരക്കിഴി ഒരു പ്രത്യേക തരം അരി പാലും കുറുന്തോട്ടിയും ചേർത്ത് വേവിച്ച് ശരീരം മുഴുവൻ തേയ്ച്ച് പിടിപ്പിക്കുന്നു. ഇത് ശരീരത്തിന്റെ ശോഷവും മറ്റും മാറ്റുന്നതിനും മറ്റു പല ചികിത്സകൾ കൊണ്ട് ക്ഷീണിച്ച ശരീരത്തിന്റെ ക്ഷീണം മാറ്റുന്നതിനും വളരെ പ്രയോജനപ്പെട്ടതാണ്. ഇവ കൂടാതെ പതിമൂന്ന് തരത്തിലുള്ള സ്വേദപ്രയോഗങ്ങൾ ചരകസംഹിതയിൽ വിശദീകരിച്ചിട്ടുണ്ട്.

പലവിധ സ്വേദക്രിയകൾ കൊണ്ട് പാകപ്പെട്ട ശരീരത്തെ ശോധനക്രിയയിൽ സർവ്വശരീരസ്ഥമായ ദോഷശമനത്തിനുതകുന്ന വമനം, വിരേചനം, വസ്തി ഇവയിൽ ഏതെങ്കിലും ചെയ്ത് ശുദ്ധിവരുത്തണം. അതിനുശേഷം പശ്ചാത്കർമ്മം അനുഷ്ഠിക്കുകയും വേണം. പശ്ചാത്കർമ്മങ്ങളിൽ പേയാദിക്രമം പ്രധാനപ്പെട്ടതാണ്. ശോധനത്തിനുശേഷം അഗ്നിബലപ്പെടുത്തുന്നതിന് വളരെ നേർത്ത കഞ്ഞി തുടങ്ങി കൊഴുത്ത കഞ്ഞി, ചോറ് ഇങ്ങനെ ക്രമേണ ഗുരുത്വമുള്ള ആഹാരം കഴിച്ചുതുടങ്ങുന്ന ആഹാരക്രമമാണ് ഇത്.

ശോധന ചികിൽസയിൽ നസ്യവും രക്തമോക്ഷവും ശരീരത്തിനു മുഴുവനായും ഉള്ള ശുദ്ധി വരുത്തിയ ശേഷമാണ് സാധാരണ ചെയ്യാറ്. എന്നാൽ ചില അവസരങ്ങൾ കഴുത്തിനു മുകളിൽ മാത്രം ആശ്രയിച്ചു നിൽക്കുന്ന ദോഷങ്ങൾക്ക് നസ്യം മാത്രവും ചെയ്യാവുന്നതാണ്. രക്തമോക്ഷം ത്വക്ക് രോഗങ്ങൾക്ക് ദുഷിച്ച രക്തത്തെ പുറത്തുകളയുന്ന ഒരു ചികിത്സാ രീതിയാണ്. അതിനായി പല രീതികളും ഉണ്ട്. ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത് ജലൗകാവചരണമാണ്. ജലൂക എന്നാൽ വയലിലും മറ്റും കാണുന്ന ഒരു തരം അട്ടയാണ്. ദുഷ്ടരക്തം കെട്ടിക്കിടക്കുന്ന ഭാഗത്ത് ഇതിനെ കടിപ്പിക്കണം. ദുഷിച്ച രക്തം കുടിച്ചശേഷം അത് പിടിവിട്ടില്ലെങ്കിൽ അൽപം ഉപ്പ് വെച്ച് പിടിവിടുവിച്ചശേഷം അട്ടയെ മഞ്ഞളിലിട്ട് കുളിപ്പിച്ചെടുക്കും. 12 തരം അട്ടകളെ സുശ്രുതാചാര്യൻ വിവരിക്കുന്നുണ്ട്. ഇതിൽ ആറ് എണ്ണം വിഷമുള്ളതും ആറ് എണ്ണം വിഷമില്ലാത്തതും ആണ്. വിഷമുള്ളതരം അട്ട കടിച്ചാൽ അത് വ്യണമായിത്തീരും. അതുകൊണ്ട് അട്ടയെ തിരഞ്ഞെടുക്കുന്നതിന് വൈദ്യന് നല്ല പരിജ്ഞാനം ഉണ്ടാവണം.

ശമന ചികിൽസയിൽ കോപിച്ച ദോഷങ്ങളുടെ ബഹിഷ്കരണത്തെ കുറിച്ച് ആലോചിക്കുന്നില്ല. മറിച്ച് അവയെ എങ്ങനെ ശമിപ്പിച്ച് പ്രകൃതാവസ്ഥയിൽ എത്തിക്കാമെന്നാണ് ചിന്തിക്കുന്നത്.

ദോഷങ്ങൾ അധികമായി കോപിക്കാത്ത അവസ്ഥയിലും ശോധന ചികിത്സ ചെയ്യാൻ ഉള്ള ദേഹബലമില്ലാത്തവരിലും വൃദ്ധന്മാരിലും ബാലന്മാരിലും ശമന ചികിത്സയാണ് സ്വീകാര്യം. കഷായം, ഗുളിക, അരിഷ്ടം, ചൂർണ്ണം തുടങ്ങിയുള്ള ഔഷധകല്പനകളും ശമനാർത്ഥം ഉപയോഗിക്കുന്നതാണ്. രോഗവും അതിന്റെ അവസ്ഥയും കണക്കിലെടുത്ത്



ബുദ്ധിമാനായ വൈദ്യൻ ഉചിതമായ ഔഷധങ്ങൾ തിരഞ്ഞെടുക്കണം. ഇവയെക്കൂടാതെ ശമനാർത്ഥം സ്നേഹപാനവും നസ്യവും മറ്റ് ബാഹ്യക്രിയകളും ചെയ്യാവുന്നതാണ്. ശമനാർത്ഥം ചെയ്യുന്ന സ്നേഹപാനത്തിന്റെ പേര് വിചാരണ എന്നാണ്. വലിയ പഥ്യനിഷ്ഠയില്ലാതെ ചെറിയ അളവിൽ നെയ്യ് സേവിക്കലാണ് ഇത്. അതുപോലെ രണ്ടുതുള്ളി വീതം മൂക്കിൽ മരുന്നിറ്റിക്കുന്ന പ്രതിമർശനസ്യവും ശമനോദ്ദേശത്തിൽപ്പെടുന്നു. ചെറിയ അളവിൽ ചെയ്യുന്ന മാത്രവസ്തി എന്ന സ്നേഹവസ്തിയും ഈ ഉദ്ദേശത്തിൽത്തന്നെയാണ്. ധാരയും കിഴിയും ലേപനങ്ങളും എല്ലാം തന്നെ അവസ്ഥാനുസരണം ദോഷശമനത്തിനു ചെയ്യാനുതകുന്നതാണ്.

ശോധനചികിത്സയ്ക്കു ശേഷവും ശേഷദോഷശമനത്തിനായി ശമനചികിത്സ ചെയ്യേണ്ടിയിരിക്കുന്നു. ചികിത്സാതത്വത്തെക്കുറിച്ചുള്ള വളരെ ചുരുങ്ങിയ ഒരു വിവരണമാണ് ഇത്. അവയെക്കുറിച്ചുള്ള വ്യക്തമായ അറിവിന് ശാസ്ത്രീയമായ പഠനം തന്നെ വേണ്ടതാണ്. ചെറിയ ചെറിയ വിശദീകരണങ്ങൾ സംശയങ്ങൾ സൃഷ്ടിക്കാൻ മാത്രമേ ഉതകു.

ഇനി ഒരല്പം രസായനചികിത്സയെക്കുറിച്ച് പറയാം. ഒരു പക്ഷേ നിങ്ങളിൽ പലരും രസായന ചികിത്സയെക്കുറിച്ച് കേട്ടിരിക്കാം. അല്പം അതിശയം ജനിപ്പിക്കുന്ന വിധത്തിലാണ് വാർദ്ധക്യത്തെ മാറ്റി യുവത്വം പ്രദാനംചെയ്യുന്ന ഈ രസായനവിധിയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. രസം തുടങ്ങിയുള്ള എല്ലാ ധാതുക്കളെയും പുഷ്ടിപ്പെടുത്തുന്നത് എന്ന അർത്ഥത്തിലാണ് രസായനം എന്ന് പേര്. രസായനൗഷധങ്ങൾ തന്നെ രണ്ട് തരത്തിൽ പ്രയോഗിക്കാം – വാതാതപികമായും കുടീപ്രാവേശികമായും. ശോധനചികിത്സയും മറ്റും കഴിഞ്ഞശേഷം രോഗത്തിന്റെ ആവർത്തിച്ചുള്ള വരവ് ഒഴിവാക്കുന്നതിനും ശരീരത്തിന് ബലം പ്രദാനം ചെയ്യുന്നതിനുമായി വലിയ പഥ്യങ്ങളൊന്നും കൂടാതെ കുറഞ്ഞ അളവിൽ സേവിക്കുന്നതാണ് വാതാതപികം എന്ന് പറയുന്നത്. കുടീപ്രാവേശികത്തിൽ ഈ ചികിത്സയ്ക്കായി പ്രത്യേകം ഒരു കുടി അഥവാ വീട് തന്നെ ഉണ്ടാക്കേണ്ടതാണ്. മൂന്നു ചുവരുകളോടുകൂടി പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന ഒരു മുറി. ആ മുറിയിൽ താമസിച്ചുകൊണ്ട് അതിൽനിന്നും പുറത്തിറങ്ങാതെ വേണം ഔഷധം സേവിക്കാൻ. ഒരു നേരത്തെ ആഹാരത്തിന്റെ അളവിലാണ് സാധാരണ രസായനങ്ങൾ സേവിക്കേണ്ടത്. തിപ്പലി, ചേർക്കുരു തുടങ്ങിയവയ്ക്ക് രസായനവിധിയിൽ പ്രത്യേക അളവുകൾ പറഞ്ഞിട്ടുണ്ട്. കുറഞ്ഞ അളവിൽ തുടങ്ങി ക്രമേണ കൂട്ടി വീണ്ടും കുറച്ചുകൊണ്ടുവന്നുവേണം ചെയ്യാൻ. ഓരോരോ ഔഷധങ്ങൾക്കും പ്രത്യേകമായ പഥ്യനിഷ്ഠകൾ ഉണ്ട്. പഥ്യക്രമങ്ങൾക്ക് പിഴവു പറ്റിയാൽ ദോഷഫലങ്ങൾ ഉണ്ടാവും. അതുകൊണ്ട് ഇത്തരം ചികിത്സ വളരെ ശ്രദ്ധയോടെ തന്നെ ചെയ്യണം.